**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 267** **27-06-2022 - ൽ മറുപടിയ്ക്ക്**

**നീലേശ്വരത്തെ അംഗൻവാടി ട്രെയിനിങ്ങ് സെന്റർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് ജില്ലയിലെ നീലേശ്വരത്ത് നല്ല നിലയിൽ പ്രവർത്തിച്ചു വന്നിരുന്ന അംഗൻവാടി ട്രെയിനിങ്ങ് സെന്ററിന്റെ പ്രവർത്തനം നിർത്തിവെച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; 15 വർഷത്തോളമായി പ്രവർത്തിച്ചുവരുന്ന ഈ സ്ഥാപനത്തിലെ ജീവനക്കാരുടെ തൊഴിൽ സുരക്ഷിതത്വം ഉറപ്പ് വരുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ? | (എ) | (എ) അങ്കണവാടി പരിശീലന പദ്ധതി 60% കേന്ദ്ര ധനസഹായത്തോടെ നടത്തി വന്നിരുന്ന പദ്ധതിയാണ്. ആയത് കൊണ്ട് തന്നെ പൂർണമായും കേന്ദ്ര മാനദണ്ഡങ്ങൾക്ക് അനുസൃതമായിട്ടാണ് പരിശീലന പരിപാടികൾ നടപ്പാക്കിയിരുന്നത്. സംയോജിത ശിശു വികസന സേവന പദ്ധതിയുടെ കീഴിൽ പ്രവർത്തിയ്ക്കുന്ന അങ്കണവാടി വർക്കർ, ഹെൽപ്പർമാർ, ഐ.സി.ഡി.എസ് സൂപ്പർവൈസർമാർ എന്നിവരുടെ കഴിവ് വർദ്ധിപ്പിയ്ക്കുന്നതിന്റെ ഭാഗമായി ജോബ്/ ഓറിയന്റേഷൻ/ റിഫ്രഷർ ട്രെയിനിംഗുകൾ നല്കുന്നതിനാണ് പദ്ധതി നടപ്പാക്കി വന്നിരുന്നത്. ആയതിൻ പ്രകാരം കേന്ദ്ര സർക്കാരിന്റെ ധനസഹായത്തോടെ പ്രസ്തുത ട്രെയിനിംഗുകൾ തിരഞ്ഞെടുക്കപ്പെട്ട 11 ട്രെയിനിംഗ് സെന്ററുകൾ വഴി (10 അങ്കണവാടി ട്രെയിനിംഗ് സെന്ററുകളും 1 മിഡിൽ ലെവൽ ട്രെയിനിംഗ് സെന്ററും) നടത്തി വന്നിരുന്നു. ഇവയിൽ ഒരു ട്രെയിനിംഗ് സെന്റർ ആണ് നീലേശ്വരം അങ്കണവാടി ട്രെയിനിംഗ് സെന്റർ.<br><br>എന്നാൽ 2018-19 വർഷം മുതൽ റിഫ്രഷർ ട്രെയിനിംഗിന് കേന്ദ്രം അനുമതി നല്കുന്നില്ല. 2019-20 വർഷം ജോബ് ട്രെയിനിംഗിന് അനുമതി നല്കിയെങ്കിലും NGO കൾ മുഖേന ട്രെയിനിംഗ് നടത്തുന്നതിന് ഫണ്ട് നല്കുകയില്ലയെന്നും, സർക്കാർ ഉടമസ്ഥതയിലുള്ള ട്രെയിനിംഗ് സെന്ററുകൾക്ക് മാത്രമേ ട്രെയിനിംഗ് നടത്തുന്നതിന് അനുമതി നല്കുകയുള്ളു എന്നും കേന്ദ്ര സർക്കാർ നിഷ്കർഷിച്ചിട്ടുണ്ട്.<br><br>ഇത്തരത്തിൽ 2019-20 വർഷത്തിന് ശേഷം സർക്കാരിതര ട്രെയിനിംഗ് സെന്ററുകൾ മുഖേന ICDS ട്രെയിനിംഗ് നടത്തുന്നതിന് അനുമതി |

| | | | |
|---|---|---|---|
| | | | നല്കുകയില്ലായെന്ന കേന്ദ്രസർക്കാർ നിർദ്ദേശം ഉണ്ടായിരുന്ന സാഹചര്യത്തിൽ, തുടർന്നുള്ള വർഷങ്ങളിൽ വകുപ്പിന്റെ ജില്ലാതല ഓഫീസർമാർ മുഖാന്തിരം അങ്കണവാടി പരിശീലന പദ്ധതി നടപ്പിലാക്കുന്നതിനുള്ള അനുമതി നൽകുകയുണ്ടായി. അക്കാരണത്താലാണ് നീലേശ്വരം ട്രെയിനിംഗ് സെന്റർ ഉൾപ്പെടെയുള്ള NGO ട്രെയിനിംഗ് സെന്ററുകൾ മുഖാന്തിരം ട്രെയിനിംഗ് നടത്തുന്നത് നിർത്തി വച്ചിട്ടുള്ളത്. എന്നിരുന്നാലും അങ്കണവാടി പരിശീലനം ജില്ലാതല ഓഫീസർമാർ മുഖാന്തിരം നടത്തുന്നതിനായി രൂപീകരിച്ചിട്ടുള്ള മാസ്റ്റർ ട്രെയിനർമാരുടെ ടീമിൽ നിലവിലെ അങ്കണവാടി ട്രെയിനിംഗ് സെന്ററുകളിലെ തിരഞ്ഞെടുക്കപ്പെട്ട ഇൻസ്ട്രക്ടർമാരെ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇവരെ ട്രെയിനിംഗ് നടത്തുന്ന വേളയിൽ റിസോഴ്സ് പേഴ്സൺസ് ആയി ആവശ്യാനുസരണം ഉൾപ്പെടുത്തി വരുന്നു. നിലവിൽ അങ്കണവാടി പരിശീലന പദ്ധതി നിർത്തലാക്കുന്നതായി കേന്ദ്രസർക്കാർ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ